150 YEARS OF CELEBRATING THE MAHATMA

നം.എഫ്2/3514/2020

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695004
ഫോൺ: 0471-2445749,2445799
email:dddtvm@gmail.com
തീയതി: 30/03/2020

## സർക്കുലർ നം. 17/2020

വിഷയം:- ക്ഷീര വികസന വകുപ്പ് - കോവിഡ് 19 വ്യാപനം - ലോക്ക് ഡൗൺ - കന്നുകാലികളുടെ തീറ്റ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :-1) ഈ ഓഫീസിലെ 16/03/2020, 23/03/2020 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
2) ജി.ഒ (എംഎസ്) നം.10/2020/എഫ് & സിഎസ്ഡി തീയതി, 23/03/2020.
3) ജി.ഒ (എംഎസ്) 49/2020/ജിഎഡി തീയതി, 26/03/2020.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. കോവിഡ് വൈറസ് വ്യാപനം ഗുരുതരമായി തുടരുന്ന സാഹചര്യത്തിൽ ബ്രേക്ക് ഡൗൺ കാലയളവിൽ കന്നുകാലികളുടെ ആരോഗ്യ സംരക്ഷണവും പാലുല്പാദനവും നിലനിർത്തുന്നതിന് കന്നുകാലി ആഹാരങ്ങളുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. അവയുടെ ലഭ്യത പ്രാദേശികമായി ഉറപ്പ് വരുത്തുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ക്ഷീര സംഘങ്ങളും ക്ഷീരകർഷകരും ശ്രദ്ധിക്കേണ്ടതാണ്.

1. ലോക്ക് ഡൗൺ കാലയളവായ 14/04/2020 വരെ ഏറ്റവും കുറഞ്ഞതും 2,68,369 ടൺ പച്ചപ്പുല്ല്/സൈലേജും 40,255 ടൺ വൈക്കോൽ, ഉണക്കപ്പുല്ലും 40,256 ടൺ കാലിത്തീറ്റ/ഗുരുത്വാഹാരവും വേണ്ടി വരുമെന്ന് കണക്കാക്കുന്നു. ഇതിൽ 13,418 ടൺ ഗ്രീൻ ഫോഡറും 4026 ഡ്രൈഫോഡറും 16,102 ടൺ ഗുരുത്വാഹാരവും (പ്രധാനമായും സമീകൃത കാലിത്തീറ്റ) മേൽ കാലയളവിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടിവരുമെന്ന് കണക്കാക്കുന്നു. ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.
2. തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ജലസേചന സൗകര്യമുള്ള തീറ്റപ്പുൽത്തോട്ടങ്ങൾ യഥാവിധി നനയ്ക്കുകയും വിള പരിപാലനം ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്. പരമാവധി പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗപ്പെടുത്തേണ്ടതാണ്.
3. നെല്ലിന്റെ കൊയ്ത്തുകാലമായതിനാൽ ക്ഷീര സംഘങ്ങൾ, ക്ഷീരകർഷകർ എന്നിവർ മുഖേന പരമാവധി വൈക്കോൽ സംഭരിക്കേണ്ടതാണ്. അതുപോലെ മറ്റ് ജില്ലകൾക്കും വൈക്കോൽ ധാരാളം ലഭ്യമായ ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് തുടങ്ങിയ ജില്ലകളിൽ നിന്നും ശേഖരിക്കാവുന്നതാണ്. ജില്ലയിലെ സാമ്പത്തികശേഷി കൂടിയ ക്ഷീര സംഘങ്ങൾ ഇതിനായി മുൻകൈയ്യെടുക്കണം. ഒന്നിലധികം ക്ഷീര സംഘങ്ങൾക്ക് കൂട്ടായും വൈക്കോൽ/കാലിത്തീറ്റ സംഭരണത്തിൽ ഏർപ്പെടാവുന്നതാണ്.
4. ക്ഷീര സംഘങ്ങൾക്കും ക്ഷീരകർഷകർക്കും ആവശ്യമായ കാലിത്തീറ്റ മുൻകൂട്ടി ശേഖരിക്കാവുന്നതാണ്. പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ്, മിൽമ ഫീഡ്സ് എന്നിവയ്ക്കു പുറമേ ആവശ്യമെങ്കിൽ ഗുണമേന്മയുള്ള സ്വകാര്യകാലിത്തീറ്റകളും

ലഭ്യമാക്കാവുന്നതാണ്. കാലിത്തീറ്റ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു.

5. കന്നുകാലികളുടെ തീറ്റ വസ്തുക്കൾ ശേഖരിച്ച് വയ്ക്കുന്നതിന് ക്ഷീര സംഘം ഗോഡൗണുകൾ, ക്ഷീരകർഷകരുടെ സൗകര്യങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുയോജ്യമായ കെട്ടിടങ്ങൾ, സർക്കാർ, അർദ്ധ സർക്കാർ ഗോഡൗണുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്താവുന്നതാണ്.
6. കന്നുകാലിത്തീറ്റയുടെ കടത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ നിർവ്വഹിക്കേണ്ടതാണ്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുള്ള ശുപാർശകൾ/ സാക്ഷ്യപത്രങ്ങൾ ക്ഷീരവികസന ഓഫീസർമാർ/ഡെപ്യൂട്ടി ഡയറക്ടർമാർ നൽകേണ്ടതാണ്. കാലിത്തീറ്റയുടെ കടത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കേണ്ടതാണ്.
7. കന്നുകാലിത്തീറ്റ വസ്തുക്കളുടെ ഉപയോഗം യുക്തിസഹമായിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ക്ഷീര സംഘങ്ങൾ ഉല്പാദകർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകേണ്ടതാണ്.
8. തീറ്റ വസ്തുക്കൾ ശേഖരിക്കുന്നതിനാവശ്യമായ തുക ലഭ്യമല്ലാതെ വരുന്നപക്ഷം ക്ഷീര സംഘങ്ങൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ തേടാവുന്നതാണ്. ഇതിനുള്ള അനുമതി ഡെപ്യൂട്ടി ഡയറക്ടർമാർ നൽകേണ്ടതാണ്.
9. സ്റ്റേറ്റ് ഫോഡർ ഫാമിൽ നിന്നും പരമാവധി പച്ചപ്പുല്ല് വിതരണം ചെയ്യേണ്ടതാണ്.
10. തീറ്റ വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർ സദാ ജാഗരൂഗരാകേണ്ടതും ഏത് സമയവും ഫോണിൽ ബന്ധപ്പെടുന്നതിന് അവസരം ഉണ്ടായിരിക്കേണ്ടതും ആവശ്യമായ സേവനം ലഭ്യമാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ മിൽമ ഉദ്യോഗസ്ഥരുടെ കൂടി സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

ഡയറക്ടർ

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
എല്ലാ മേഖലാ പാൽ പരിശോധനാ ലാബ് മേധാവികൾക്കും
സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ടിനും

പകർപ്പ് : 1)മാനേജിംഗ് ഡയറക്ടർ, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ/ മേഖലാ യൂണിയനുകൾ
2)ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ലാനിംഗ്, എസ്.ഡി.എൽ)
3)ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ, പ്ലാനിംഗ്, എക്സ്റ്റൻഷൻ)
4)ടെക്നിക്കൽ സെൽ
5)ഡയറക്ടറുടെ മേശപ്പുറത്ത്
6)ശേഖര സഞ്ചയം
7)സഞ്ചയം

Sm.30.03.20